## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 774** **29.11.2018 ൽ മറുപടിയ്ക്ക്**

**<u>ശബരിമലയിലെ യുവതി പ്രവേശനം</u>**

| ചോദ്യം<br>**ശ്രീ.എ.പി.അനിൽകുമാർ**<br>**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**<br>**ശ്രീ.അനൂപ് ജേക്കബ്** | | മറുപടി<br>**ശ്രീ.കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
|---|---|---|---|
| (എ) | തുലാമാസ പൂജയ്ക്കും ചിത്തിര ആട്ട വിശേഷത്തിനും ശബരിമല നട തുറന്ന വേളയിൽ മല കയറുന്നതിന് വന്ന യുവതികളിൽ ഭൂരിപക്ഷവും ആക്ടിവിസ്റ്റുകളും മാധ്യമപ്രവർത്തകരുമായിരുന്നോയെന്ന് വ്യക്തമാക്കാമോ; | (എ) | തുലാമാസ പൂജയ്ക്കും ചിത്തിര ആട്ട വിശേഷത്തിനും ശബരിമല നട തുറന്ന വേളയിൽ മല കയറുന്നതിന് വന്ന യുവതികളിൽ ഭൂരിപക്ഷവും ശബരിമല ക്ഷേത്രത്തിലെ ആചാരാനുഷ്ഠാനങ്ങൾ പാലിക്കാൻ തയ്യാറല്ലാത്തവരായിരുന്നു എന്നാണ് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞിട്ടുള്ളത്. |
| (ബി) | അവർക്ക് എന്തൊക്കെ സൗകര്യങ്ങളാണ് ബോർഡ് ഓരുക്കിയതെന്ന് വെളിപ്പെടുത്തുമോ; | (ബി) | മലകയറാൻ വന്ന യുവതികൾക്ക് വേണ്ടി പ്രത്യേക സൗകര്യമൊന്നും ഒരുക്കിയിട്ടില്ല. |
| (സി) | ഇവർക്ക് സംരക്ഷണം ഒരുക്കാൻ പമ്പയിലും സന്നിധാനത്തും വിന്യസിച്ച പോലീസുകാരുടെ വേതന ഇനത്തിൽ ദേവസ്വം ബോർഡ് എത്ര തുകയാണ് | (സി) | ദേവസ്വം ബോർഡ് തുകയൊന്നും നൽകേണ്ടതില്ല. |

| | | | |
|---|---|---|---|
| | സർക്കാരിന് നൽകേണ്ടതെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ